# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *654 25.05.2017- ൽ മറുപടിക്ക്**

## "ആധുനിക ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതികൾ"

**ചോദ്യം** | **ഉത്തരം**

ശ്രീ.എം. രാജഗോപാലൻ
,, എ.എം. ആരിഫ്
,, വി. കെ. സി. മമ്മത് കോയ
,, എം. നൗഷാദ്

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ആധുനിക ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | എ) | സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി സംരംഭകരെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും, അതുവഴി കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം സർക്കാർ നൽകുന്നുണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുകയും, അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. വ്യവസായങ്ങളുടെ നടത്തിപ്പിനായുള്ള ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്. |

| | | | |
|---|---|---|---|
| ബി) | ചെറുകിട വ്യവസായ സംരംഭങ്ങളെ സഹായിക്കാൻ ഒരു അന്തർദേശീയ ഹബ്ബ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി) | കേരളത്തിലെ ഫർണിച്ചർ മേഖലയിലുള്ള ചെറുകിട വ്യവസായ സംരംഭങ്ങളെ സഹായിക്കാനായി ഒരു അന്തർദേശീയ ഫർണിച്ചർ ഹബ് സ്ഥാപിക്കാനായുള്ള പദ്ധതിക്ക് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ഇൻഡസ്ട്രിയൽ പോളിസി & പ്രൊമോഷൻ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതി നിലവിൽ കൊരട്ടിയിൽ സ്ഥാപിക്കാനായുള്ള സ്ഥലം കൺസോഷ്യം കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലത്തിന്റെ പ്രാഥമിക ക്ലിയറൻസിനുള്ള നടപടികൾ നടന്നു വരുകയാണ്. |
| സി) | പുതിയ ചെറുകിട വ്യവസായ സംരംഭകർക്ക് മൂലധന പിന്തുണ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | സി) | സംരംഭകത്വ സഹായ പദ്ധതിപ്രകാരം പൊതു വിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു(പരമാവധി 20 ലക്ഷം രൂപ). വനിതാ സംരംഭങ്ങൾക്കും, പട്ടികജാതി, പട്ടികവർഗ്ഗ സംരംഭങ്ങൾക്കും, യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു(പരമാവധി 30 ലക്ഷം രൂപ). മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 10%(പരമാവധി 10 ലക്ഷം രൂപ) അധിക സാമ്പത്തിക സഹായം നൽകും. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) അധിക സഹായം നൽകി വരുന്നു. ധനസഹായവും അധികധനസഹായവും ചേർത്ത് എല്ലാ സാമൂഹിക വിഭാഗങ്ങളിലുംപെട്ടവർക്ക് (ജനറൽ, വുമൺ, യൂത്ത്, എസ്.സി/എസ്.റ്റി) പരമാവധി അനുവദിക്കുന്ന തുക 30 ലക്ഷമായി നിജപ്പെടുത്തിയിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**